'ഭരണഭാഷ-മാതൃഭാഷ '

2631
15/2/21

## കേരള സർക്കാർ

### സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി) - ജീവനക്കാര്യം - കെ.എസ്.ആർ.ഇ.സി.യിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ റെഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം.5/2021/പ്ലാനിംഗ്. തീയതി, തിരുവനന്തപുരം, 13/02/2021**

---

പരാമർശം:-
1. 16.09.2015 ലെ സ.ഉ.(സാധാ) നം.407/2015/പ്ലാനിംഗ്
2. 23.11.2015 ലെ സ.ഉ.(സാധാ) നം.499/2015/പ്ലാനിംഗ്
3. 16.05.2019 ലെ സ.ഉ.(കൈ) നം.20/2019/പ്ലാനിംഗ്
4. 15.02.2020 ൽ ശ്രീമതി ആശ മുതൽ പേർ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം
5. 15.02.2020 ൽ ശ്രീ അനിൽകുമാർ മുതൽ പേർ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം
6. 03.03.2020 ൽ ശ്രീമതി സിജി ആർ ദാസ് ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം
7. 10.06.2020 ൽ ശ്രീമതി ബിന്ദു ജി.കെ. ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം
8. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ഡയറക്ടറുടെ 19.06.2020 ലെ എ-720/2020/കെ.എസ്.ആർ.ഇ.സി നമ്പർ കത്ത്
9. ശ്രീമതി ആശ മുതൽ പേർ ഫയൽ ചെയ്ത WP(C) No.14219/19 കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 12.08.2020 ലെ അന്തിമ വിധി ന്യായം
10. 19.10.2020 ലെ സ.ഉ.(സാധാ) നം.397/2020/പ്ലാനിംഗ്
11. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ഡയറക്ടറുടെ 23.12.2020 ലെ എ-720/2020/കെ.എസ്.ആർ.ഇ.സി നമ്പർ കത്ത്
12. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ഡയറക്ടറുടെ 23.01.2021, 28.01.2021 തീയതികളിലെ എ-720/2020/ കെ.എസ്.ആർ.ഇ.സി നമ്പർ കത്തുകൾ

### ഉത്തരവ്

കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ ദിവസവേതന/കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 13 ജീവനക്കാർക്ക് മാനുഷിക

പരിഗണനയുടെ അടിസ്ഥാനത്തിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ. റൂൾ 39 പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കെ.എസ്.ആർ.ഇ.സി.യിലെ താൽക്കാലികമായി തുടർന്നു വന്ന മേൽപ്പറഞ്ഞ 13 ജീവനക്കാരിൽ 5 പേർ സ്ഥിരം തസ്തികകളിൽ ദിവസവേതന/കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരും 8 പേർ താൽക്കാലിക തസ്തികകളിൽ നിയമിക്കപ്പെട്ടവരുമാണ്. ടി ഉത്തരവുകൾ സർക്കാർ പുനഃപരിശോധിക്കുകയും സ്ഥിരം തസ്തികകളിലെ (sanctioned post) താൽക്കാലിക ജീവനക്കാരെയും കെ.എസ്.ആർ.ഇ.സി. ഏറ്റെടുത്തിരുന്ന വിവിധ പ്രോജക്ടുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെയും അനിശ്ചിതമായി തുടരാൻ അനുവദിക്കുന്നത് നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ പ്രസ്തുത ജീവനക്കാർക്ക് തുടർച്ചാനുമതി നൽകിക്കൊണ്ടുള്ള പരാമർശം 1, 2 ഉത്തരവുകൾ പരാമർശം 3 പ്രകാരം സർക്കാർ റദ്ദ് ചെയ്തു.

2) തങ്ങളുടെ പ്രായപരിധി കഴിഞ്ഞതിനാൽ ഇനി ഒരു ജോലിക്ക് അപേക്ഷിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ തങ്ങളുടെ ഇത്രയും വർഷത്തെ സേവനം, പ്രവർത്തി പരിചയം എന്നിവ കണക്കിലെടുത്ത് അനുയോജ്യമായ തസ്തികകളിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ഇ.സി.യിലെ ദിവസവേതന/കരാർ ജീവനക്കാർ പരാമർശം 4, 5, 6, 7 പ്രകാരം ബഹു.മുഖ്യമന്ത്രിയ്ക്ക് നിവേദനങ്ങൾ നൽകിയിരുന്നു.

3) പരാമർശം 3 ഉത്തരവിനെതിരെ കരാറടിസ്ഥാനത്തിൽ തുടർന്നു വന്നിരുന്ന ശ്രീമതി ആശ മുതൽ പേർ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) No.14219/19 കേസും ശ്രീ അനിൽ കുമാർ മുതൽ പേർ 15291/19 നമ്പർ കേസും ശ്രീമതി സിജി ആർ.ദാസ് മുതൽ പേർ WP(C)No.14839/19 നമ്പർ കേസും ഫയൽ ചെയ്തിരുന്നു. ടി കേസുകളിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർ കെ.എസ്.ആർ.ഇ.സി.യിൽ താൽക്കാലികാടിസ്ഥാനത്തിൽ തുടർന്നുവരുന്നു. ശ്രീമതി ആശ മുതൽ പേർ ഫയൽ ചെയ്തിരുന്ന WP(C) No.14219/19 കേസിൽ ബഹു.ഹൈക്കോടതി 12.08.2020 ൽ അന്തിമ വിധി പുറപ്പെടുവിച്ചു. വിധിന്യായം ലഭിച്ച് 2 മാസങ്ങൾക്കുള്ളിൽ പരാതിക്കാർ സർക്കാരിൽ സമർപ്പിച്ച പരാമർശം 4 ലെ നിവേദനം പരിശോധിച്ച് ടിയാളുകളെ നേരിൽ കേട്ട് തീരുമാനമെടുക്കുവാൻ ബഹു.കോടതി ഉത്തരവായി.

4) കെ.എസ്.ആർ.ഇ.സി.യിൽ ഭരണ വിഭാഗത്തിൽ നിലവിൽ 6 സ്ഥിരം തസ്തികകളാണുള്ളതെന്നും അതിൽ ഒരു തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിലും ബാക്കിയുള്ള 5 തസ്തികകളിൽ താൽക്കാലിക / കരാർ വ്യവസ്ഥയിലുമാണ് ജീവനക്കാരെ നിയമിച്ചിരിക്കുന്നതെന്നും 8 താൽക്കാലിക തസ്തികകളിൽ താൽക്കാലിക / കരാർ അടിസ്ഥാനത്തിൽ ആണ് ജീവനക്കാർ ജോലി ചെയ്തു വരുന്നതെന്നും കെ.എസ്.ആർ.ഇ.സി.ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഭരണവിഭാഗത്തിൽ സർക്കാർ അനുവദിച്ചിട്ടുള്ള 5 തസ്തികകളിൽ നിലവിൽ തുടരുന്നവരെ ടി തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിനും മറ്റുള്ള 8 ജീവനക്കാരെ അനുയോജ്യമായ തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിലേക്കും സർക്കാർ തലത്തിൽ നടപടികൾ ഉണ്ടാകണമെന്നും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെല്ലാം തന്നെ മറ്റു ജോലികൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞവരാണെന്നും പരാമർശം 8 പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 12 പ്രകാരം ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചതിൽ 11 താൽക്കാലിക ജീവനക്കാർ മാത്രമാണ് 31.12.2020 ൽ കെ.എസ്.ആർ.ഇ.സി.യിൽ 10 വർഷം സർവ്വീസ് പൂർത്തീകരിച്ചിട്ടുള്ളത്. കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ അനുവദിക്കപ്പെട്ട 6 തസ്തികകളിൽ കരാർ /

ദിവസവേതനാടിസ്ഥാനത്തിൽ 31.12.2020-ൽ 10 വർഷത്തിലധികമായി തുടർന്നു വരുന്ന ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്ന 6 (ആറ്) താൽക്കാലിക ജീവനക്കാരെ പ്രസ്തുത പട്ടികയിൽ കൊടുത്തിരിക്കുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

| ക്രമ നം. | പേര് | അംഗീകൃത തസ്തിക | ശമ്പള നിരക്ക് (രൂപ) |
|---|---|---|---|
| 1 | ബിനു ജി.കെ | ഓഫീസ് അസിസ്റ്റന്റ് | 25200-54000 |
| 2 | ആശ എൽ. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 20000-45800 |
| 3 | തുളസീധരൻ എസ്. | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 17500-39500 |
| 4 | ദിലീപ് രാജ് ആർ | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 17500-39500 |
| 5 | രമേഷ് കുമാർ ബി | ഓഫീസ് അറ്റൻഡന്റ് | 16500-35700 |
| 6 | സനൽകുമാർ ഡി. | ഓഫീസ് അറ്റൻഡന്റ് | 16500-35700 |

കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ 31.12.2020 ൽ 10 വർഷത്തിൽ അധികമായി കരാർ / ദിവസവേതനാടിസ്ഥാനത്തിൽ അനുവദിക്കപ്പെടാത്ത തസ്തികകളിൽ തുടർന്നു വരുന്ന ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്ന 5 (അഞ്ച്) താത്കാലിക ജീവനക്കാരെ പ്രസ്തുത പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം 5 തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

| ക്രമ നം. | പേര് | പുതുതായി സൃഷ്ടിക്കുന്ന തസ്തിക | ശമ്പള നിരക്ക് (രൂപ) |
|---|---|---|---|
| 1 | സിജി ആർ.ദാസ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 19000 - 43600 |
| 2 | മനു വി. | പ്രോജക്റ്റ് സയന്റിസ്റ്റ് | 26500-56700 |
| 3 | അനിൽകുമാർ ബി. | CAD/GIS ടെക്നിഷ്യൻ | 22200 - 48000 |
| 4 | മനോജ് കുമാർ ആർ.എസ് | GPS സർവ്വെയർ | 19000 - 43600 |
| 5 | സരള ഡി. | പാർട്ട് ടൈം സ്വീപ്പർ | 9340 - 14800 |

മേല്പറഞ്ഞ 11 താൽക്കാലിക ജീവനക്കാരുടെയും സ്ഥിരപ്പെടുത്തൽ താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരമായിരിക്കും.

- പ്രസ്തുത നിയമനങ്ങൾക്ക് ഉത്തരവ് തീയതി മുതൽക്കേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.
- ഈ നിയമനത്തിന് എല്ലാവർക്കും ആരംഭദിശയിലെ ശമ്പള സ്കെയിലുകൾ മാത്രമേ നൽകുകയുള്ളൂ.
- ഓരോ വിഭാഗത്തിലും ഏറ്റവും പ്രായംകൂടിയ ആളെയായിരിക്കും സീനിയറായി കണക്കാക്കുക.

6) പരാമർശം 10 ലെ ഉത്തരവ് പ്രകാരം ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ തുടർന്നുവരുന്ന പഞ്ചായത്ത് വകുപ്പിലെ അക്കൗണ്ടന്റായ ശ്രീമതി

സുസ്മിത എസ്. നെ ടി തസ്തികയിലേക്ക് ശ്രീമതി ബിനു ജി.കെ.-യെ നിയമിക്കുന്ന മുറയ്ക്ക് മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്യുന്നതിന് കെ.എസ്.ആർ.ഇ.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.വേണു വി. ഐ.എ.എസ്.**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് (13.10.2020 ലെ 1575165 : EXP-A3/378/2020-Fin പ്രകാരം)
6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
7. പൊതുഭരണ (എസ്.സി) വകുപ്പ് (10.02.2020 ലെ ഇനം-4644 പ്രകാരം)
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**

പകർപ്പ് :
1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
3. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം.ബി1/165/2019/പ്ലാനിംഗ്

ഇനം നം: 4644

വിഷയം : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പത്ത് വർഷത്തിൽ കൂടുതൽ സർവീസുള്ളവരെ അധിക തസ്തികകൾ സൃഷ്ടിച്ച് റഗുലറൈസ് ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

11/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

11/2

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

1. ഫയൽ : ബി1/165/2019/പ്ലാനിംഗ്
2. വകുപ്പ് : ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്
3. വിഷയം : കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 10 വർഷത്തിൽ കൂടുതൽ സർവീസുള്ളവരെ അധിക തസ്തികകൾ സൃഷ്ടിച്ച് റെഗുലറൈസ് ചെയ്യുന്നത് - സംബന്ധിച്ച്.
4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി : 11/01/2021
5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? : അതെ
   (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? : ഉണ്ട്
   ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? : ഉണ്ട്
6. മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ : ഇല്ല
   ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; :
7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് : ശ്രീമതി ഷൈനി ജോർജ്
8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് : ഡോ. വേണു വി.
9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : 01.02.2021
10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് : ഡോ വിശ്വാസ് മേത്ത
11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : 08.02.2021
12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് : ശ്രീ. പിണറായി വിജയൻ
13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി : 09.02.2021
14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : 09.02.2021
15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി :
16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും :

# മന്ത്രിസഭായോഗത്തിലേക്കുള്ള കുറിപ്പ്

കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 10 വർഷത്തിൽ കൂടുതൽ സർവീസുള്ളവരെ അധിക തസ്തികകൾ സൃഷ്ടിച്ച് റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ ദിവസവേതന/കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 13 ജീവനക്കാർക്ക് സർവ്വീസിൽ തുടരുന്നതിന് 16.09.2015 ലെ സ.ഉ.(സാധാ) നം.407/2015/പ്ലാനിങ്, 23.11.2015 ലെ സ.ഉ.(സാധാ) നം.499/2015/പ്ലാനിങ് എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു. കെ.എസ്.ആർ.ഇ.സി.യിൽ താൽക്കാലികമായി തുടർന്നു വന്ന മേൽപറഞ്ഞ 13 ജീവനക്കാരിൽ 8 പേർ താൽക്കാലിക തസ്തികകളിൽ നിയമിക്കപ്പെട്ടവരും 5 പേർ അനുവദിക്കപ്പെട്ട തസ്തികകളിൽ ദിവസവേതന/കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരുമാണ്.

3) ദിവസ വേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലുമുള്ള നിയമനങ്ങൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ചട്ടങ്ങളും പാലിക്കാതെ നിയമിക്കപ്പെട്ടിട്ടുള്ള മേൽപറഞ്ഞ താൽക്കാലിക ജീവനക്കാരെ അനിശ്ചിത കാലത്തേക്ക് തുടരാൻ അനുവദിക്കുന്നത് സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

**"അനുവദിച്ചപ്പെട്ട പോസ്റ്റുകളിൽ റഗുലർ നിയമനം നടത്താൻ പറ്റാത്ത സാഹചര്യത്തിൽ കെ.എസ്. & എസ്.എസ്.ആർ ചട്ടം 9 പ്രകാരം താഴെപ്പറയുന്ന രീതിയിൽ താല്ക്കാലിക നിയമനം നടത്താവുന്നതാണ്.**

1. **എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന**
2. **കരാർ അടിസ്ഥാനത്തിൽ**
3. **ദിവസ വേതനാടിസ്ഥാനത്തിൽ**

**എന്നാൽ കെ.എസ്.ആർ.ഇ.സി.യിലെ അനുവദനീയമായ തസ്തികകളിൽ പണിയെടുക്കുന്ന 5 പേരെയും പ്രോജക്ട് സ്റ്റാഫായ 8 പേരെയും കെ.എസ്. & എസ്.എസ്.ആർ ചട്ടം 39 പ്രകാരം മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ പ്രൊവിഷണലായി സർവ്വീസിൽ തുടരാൻ അനുവദിച്ചുകൊണ്ടാണ് സ.ഉ (സാധാ) നം. 407/15/പ്ലാനിംഗ് തീയതി 16/09/2015 ഉത്തരവ്**

പുറപ്പെടുവിച്ചിരിക്കുന്നതെന്നു കാണുന്നു. കെ.എസ്. & എസ്.എസ്.ആർ ചട്ടം 39 പ്രകാരം ഇളവു നൽകികൊണ്ട് അനിശ്ചിതകാലത്തേയ്ക്ക് തുടരാൻ അനുവദിയ്ക്കുന്നത് നിയമപരമല്ല. കൂടാതെ ദിവസവേതനാടിസ്ഥാനത്തിലും, കരാർ നിയമനങ്ങളിലും പാലിയ്ക്കേണ്ട വ്യവസ്ഥകൾ അടങ്ങിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. 26/01/2016-ലെ സ.ഉ (പി) നം. 28/16/ഫിൻ നമ്പർ ഉത്തരവു പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലിനോക്കുന്നവരെ 179 ദിവസത്തിനുശേഷം പിരിച്ചുവിട്ടുകൊണ്ട് മാത്രമേ 179 ദിവസത്തേക്ക് വീണ്ടും നിയമനം നൽകാൻ സാധിക്കുകയുള്ളൂ. കൂടാതെ, 28/04/2017-ലെ സ.ഉ (പി) നം. 56/17/ഫിൻ ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതും വകുപ്പുമേധാവിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്ക് കൂടി സേവനം ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. രണ്ടു വർഷം കാലാവധിയ്ക്കുശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാവൂ. കൂടാതെ ദിവസവേദന/ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ തുടർന്ന് നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി/ ഭരണവകുപ്പ് കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സർക്കാരിന് കെ.എസ്.ആർ.ഇ.സി.യിൽ താൽക്കാലികാടിസ്ഥാനത്തിൽ പണിയെടുക്കുന്നവരുടെ സേവനം വിലയിരുത്തികൊണ്ട് ആവശ്യമെങ്കിൽ terms and conditions നിശ്ചയിച്ച ശേഷം കരാർ നിയമനം നീട്ടി നൽകാവുന്നതാണ്.

1) State of Karnataka V Umadevi ( 2006 4 SCC I) കേസിൽ ബഹു. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് താഴെപ്പറയും പ്രകാരം നിരീക്ഷിച്ചിട്ടുണ്ട്.

" The Union and the State governments and their instrumentalities cannot make appointment dehors the Constitutional Scheme of public employment. Public employment in a sovereign socialist secular democratic republic , has to be as set down by the constitution and the laws made thereunder, Out Constitutional scheme envisages employment by the Government and its instrumentalities on the basis of a procedure established in that behalf. Equality of opportunity is hallmark, and the constitution has provided also for affirmative action to ensure that unequals are not treated as equals. Thus, any public employment has to be in terms of the constitutional scheme".

മേൽ സാഹചര്യത്തിൽ കെ.എസ്.ആർ.ഇ.സി സർക്കാർ ഗ്രാന്റോടെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാൽ ദിവസവേതന കരാറടിസ്ഥാനത്തിൽ താല്ക്കാലിക നിയമനങ്ങൾ

**നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകടങ്ങിയ ഉത്തരവുകൾ ടി സ്ഥാപനത്തിലെ താല്കാലിക/ കരാർ ജീവനക്കാർക്കും ബാധകമാണെന്നും, ഒരു സർക്കാർ ഉത്തരവു മുഖേന താല്കാലിക ജീവനക്കാരെ അനിശ്ചിതമായി തുടരാൻ അനുവദിക്കുന്നത് നിലവിലുള്ള നിയമനങ്ങൾക്കും സുപ്രീകോടതി വിധികൾക്കു എതിരാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."**

4) മേൽ സാഹചര്യത്തിൽ കെ. എസ്. ആർ. ഇ. സി. യിൽ ദിവസവേതന / കരാർ അടിസ്ഥാനത്തിൽ തുടർന്നു വരുന്ന ജീവനക്കാർ താൽക്കാലികമായി സർവ്വീസിൽ തുടരുവാൻ അനുമതി നൽകിക്കൊണ്ടുള്ള സ.ഉ.(സാധാ) നം.407/2015/പ്ലാനിങ്, സ.ഉ.(സാധാ) നം.499/2015 പ്ലാനിങ് എന്നീ ഉത്തരവുകൾ റദ്ദു ചെയ്തുകൊണ്ട്, 16.05.2019 ലെ സ. ഉ.(കൈ) നം. 20/2019/പ്ലാനിങ് പ്രകാരം ഉത്തരവായിരുന്നു.

5) ഇതിനെതിരെ കരാറടിസ്ഥാനത്തിൽ തുടർന്നു വന്നിരുന്ന ശ്രീമതി. ആശ മുതൽ പേർ WP(C)No.14219/19 നമ്പർ കേസും ശ്രീ. അനിൽ കുമാർ മുതൽ പേർ 15291/19 നമ്പർ കേസും ശ്രീ. സിജി ആർ. ദാസ് മുതൽ പേർ WP(C)No.14839/19 നമ്പർ കേസും ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്നു. ടി കേസുകളിൽ ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും പിന്നീട് നീട്ടി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ മേല്പറഞ്ഞ 13 ജീവനക്കാർ ഇപ്പോഴും കെ. എസ്. ആർ. ഇ. സി. യിൽ തുടർന്നു വരുന്ന സാഹചര്യമാണുള്ളത്.

6) കെ.എസ്.ആർ.ഇ.സി യിൽ അനുദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ തുടർന്നു വരുന്ന താത്കാലിക ജീവനക്കാർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് വിവിധ തീയതികളിൽ ബഹു.മുഖ്യമന്ത്രിക്ക് നിവേദനങ്ങൾ നൽകിയിരുന്നു. ആയത് പരിശോധിച്ചതിൽ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ട് പുറപ്പെടുവിച്ചിരുന്ന 16.05.2019 ലെ സ.ഉ.(കൈ) നം.20/2019/പ്ലാനിങ് ഉത്തരവിനെതിരെ ബാധിക്കപ്പെട്ട ജീവനക്കാർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ കോടതിയുടെ പരിഗണനയിലുള്ളതും ആയതിലെ ടിയാളുകളുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് സർക്കാർ കോടതിയിൽ Counter Affidavit ഫയൽ ചെയ്തിട്ടുള്ളതുമായ സാഹചര്യത്തിൽ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്ന ടിയാളുകളുടെ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയുന്നതല്ല എന്ന് അപേക്ഷകർക്ക് മറുപടി നൽകാമോ എന്ന ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ കെ.എസ്.ആർ.ഇ.സി.യിൽ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ **10 വർഷം**

**പൂർത്തിയാക്കിയവർ ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.**

7) ഭരണവിഭാഗത്തിൽ സർക്കാർ അനുവദിച്ചിട്ടുള്ള 5 തസ്തികകളിൽ നിലവിൽ തുടരുന്നവരെ ടി തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിനും മറ്റുള്ള 8 ജീവനക്കാരെ അനുയോജ്യമായ തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിലേക്കും സർക്കാർ തലത്തിൽ നടപടികൾ ഉണ്ടാകണമെന്നും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളവരെല്ലാം തന്നെ മറ്റു ജോലികൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞവരാണെന്നും ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. കെ.എസ്.ആർ.ഇ.സി യിൽ താൽക്കാലിക സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച് ഡയറക്ടർ ലഭ്യമാക്കിയ വിവരങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു.

8) 9/4/2019 -ലെ G.O.(Rt) No. 166/2019/Plg പ്രകാരം നിശ്ചയിച്ച് ഉത്തരവായിട്ടുള്ള നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം കെ.എസ്.ആർ.ഇ.സിയിൽ ചുവടെ ചേർക്കും പ്രകാരം 18 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

| Sl.No. | Post | Number of posts |
|---|---|---|
| 1 | Director | 1 |
| 2 | Accounts Officer | 1 |
| 3 | Scientist- B | 3 |
| 4 | Senior Scientific Assistant | 4 |
| 5 | Junior Scientific Assistant | 3 |
| 6 | Office Assistant | 1 |
| 7 | Confidential Assistant | 1 |
| 8 | Driver | 2 |
| 9 | Office Attendant | 2 |
| | **Total** | **18** |

9) മേൽ വിവരങ്ങളോടെ ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

10) ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"നിലവിലെ കോടതിവിധി പ്രകാരം സ്ഥിരപ്പെടുത്തൽ അനുവദനീയമല്ല. എന്നാൽ ഭരണ വകുപ്പ് താത്പര്യപെടുന്നെങ്കിൽ 10 വർഷത്തിലധികമായി തുടർച്ചയായി സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ കാര്യത്തിൽ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി ഭരണ വകുപ്പിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ഇതിനു ബഹു ധനമന്ത്രിയുടെ അംഗീകാരമുണ്ട് ."

11) ഇക്കാലയളവിനുള്ളിൽ തന്നെ കെ.എസ്.ആർ.ഇ.സിയിലെ സ്ഥിരം തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി K.S.R.E.C. Staff Recruitment and Promotion Rules 14/8/2020-ലെ G.O(P) No.14/2020/പ്ലാനിംഗ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി റൂൾസ് പ്രകാരം പത്ര പരസ്യം നൽകി ഒരു അംഗീകൃത സർക്കാർ ഏജൻസി മുഖേന നടത്തുന്ന സെലക്ഷൻ പ്രക്രിയയിലൂടെയാണ് സ്ഥിരം തസ്തികകളിൽ നിയമനം നടത്തേണ്ടത്. ടി ചട്ടങ്ങൾക്ക് 14/8/2020 മുതൽ പ്രാബല്യമുണ്ട്.

12) കെ.എസ്.ആർ.ഇ.സി.യിൽ താത്കാലികമായി തുടർന്നു വരുന്ന ജീവനക്കാരിൽ 5 പേർ ചുവടെ ചേർക്കും പ്രകാരമുള്ള സൃഷ്ടിക്കപ്പെട്ട തസ്തികകളിലാണ് തുടർന്നു വരുന്നത്.

| | | |
|---|---|---|
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | - | 2 |
| **ആകെ** | - | **5** |

13) ശേഷിക്കുന്ന 8 ജീവനക്കാരെ സ്ഥിരപ്പെടുത്തണമെങ്കിൽ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ആയതിനാൽ പുതുതായി സൃഷ്ടിക്കേണ്ടി വരുന്ന തസ്തികകളും (ശമ്പളനിരക്ക് ഉൾപ്പെടെ) ആയതിനു വേണ്ടി വരുന്ന വാർഷിക അധിക സാമ്പത്തിക ബാദ്ധ്യതയും, അത് എങ്ങനെ കണ്ടെത്താൻ കഴിയുമെന്നതും സംബന്ധിച്ച് കെ.എസ്.ആർ.ഇ.സി. ഡയറക്ടറുടെ റിപ്പോർട്ട് തേടിയിരുന്നു. അനുവദിക്കപ്പെട്ട തസ്തികകളിൽ തുടർന്നുവരുന്ന 5 താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും 8 അധിക തസ്തികകൾ സൃഷ്ടിച്ച് ശേഷിക്കുന്ന 8 താത്കാലിക

ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുമാണ് കെ.എസ്.ആർ.ഇ.സി. ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്. ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചതിൽ 11 താത്കാലിക ജീവനക്കാർ മാത്രമാണ് 31.12.2020 വരെ കെ.എസ്.ആർ.ഇ.സി.യിൽ 10 വർഷം സർവ്വീസ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. ജി.പി.എസ്. സർവ്വെയർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഉണ്ണികൃഷ്ണൻ ആർ.എസ്, ശ്രീ ചന്ദ്രബോസ് സി.കെ എന്നിവർ കെ.എസ്.ആർ.ഇ.സി.യിൽ 10 വർഷം പൂർത്തിയാക്കിയിട്ടില്ലെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ CAD/GIS ടെക്നിഷ്യൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി മായ എസ്, ഫീൽഡ് അസിസ്റ്റന്റ് /ജി.പി.എസ്.സർവ്വെയർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി അമ്പിളി ഒ എന്നിവരെ കൂടി പുതുതായി ഉൾപ്പെടുത്തിക്കൊണ്ട് ഡയറക്ടർ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കിയിരുന്നു. ഡയറക്ടർ ലഭ്യമാക്കിയ സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും ഇവർ രണ്ടുപേരും കെ.എസ്.ആർ.ഇ.സി.യിൽ 10 വർഷം പൂർത്തിയാക്കിയതായി കാണുന്നില്ല. പുതുതായി സൃഷ്ടിക്കുന്നതിന് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ള തസ്തികകളിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ ഒരു ഓഫീസ് അസിസ്റ്റന്റ് തസ്തിക കെ.എസ്.ആർ.ഇ.സി.യിൽ സൃഷ്ടിക്കപ്പെട്ടതായിട്ടുണ്ട്. ടി തസ്തികയിൽ മറ്റൊരു വകുപ്പിൽ നിന്നുള്ള ഓഫീസർ അന്യത്രസേവനവ്യവസ്ഥയിൽ തുടർന്നു വരികയാണ്. ടി ഓഫീസറെ ടിയാളുടെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് ഒരു താത്കാലിക ജീവനക്കാരിയെ ടി ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ഉൾക്കൊള്ളിച്ച് സ്ഥിരപ്പെടുത്തുന്നതാവും ഉചിതം. അങ്ങനെയായാൽ ശേഷിക്കുന്ന താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി 5 താത്കാലിക തസ്തികകൾ (ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 1, പ്രൊജക്ട് സയന്റിസ്റ്റ് - 1, സി.എ.ഡി/ജി.ഐ.എസ്.ടെക്നിഷ്യൻ -1, ജി.പി.എസ്. സർവ്വെയർ - 1, പാർട്ട് ടൈം സ്വീപ്പർ -1) കൂടി സൃഷ്ടിക്കേണ്ടതായി വരും.

**14) പതിനൊന്നു താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

<u>Sanctioned Post സംബന്ധിച്ച വിവരങ്ങൾ (Table 1)</u>

| ക്രമ നം | പേര് | അംഗീകൃത തസ്തിക | ശമ്പള നിരക്ക് | മാസ ശമ്പളം | നിലവിലെ വേതനം | അധിക ബാദ്ധ്യത |
|---|---|---|---|---|---|---|
| 1 * | ബിനു. ജി.കെ | ഓഫീസ് അസിസ്റ്റന്റ് | 25200-54000 | 32090 | 20760 | ഇല്ല * |
| 2 | ആശ എൽ. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 20000-45800 | 25850 | 22500 | 3350 |

| | | | | | | |
|---|---|---|---|---|---|---|
| 3 | തുളസീധരൻ .എസ് | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 17500-39500 | 22850 | 20070 | 2780 |
| 4 | ദിലീപ് രാജ്.ആർ | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 17500-39500 | 22850 | 20070 | 2780 |
| 5 | രമേഷ് കുമാർ.ബി | ഓഫീസ് അറ്റൻഡന്റ് | 16500-35700 | 21650 | 18450 | 3200 |
| 6 | സനൽ കുമാർ.ഡി | ഓഫീസ് അറ്റൻഡന്റ് | 16500-35700 | 21650 | 18450 | 3200 |
| **ഒരു മാസത്തെ അധിക സാമ്പത്തിക ബാദ്ധ്യത** | | | | | | 15310 |
| **വാർഷിക അധിക സാമ്പത്തിക ബാദ്ധ്യത** | | | | | | **183720** |

* അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിയുടെ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനാൽ അധികസാമ്പത്തിക ബാദ്ധ്യത ഇല്ല.

<u>Non Sanctioned Post സംബന്ധിച്ച വിവരങ്ങൾ (Table 2)</u>

| ക്രമ നം | പേര് | പുതുതായി സൃഷ്ടിക്കേണ്ട തസ്തിക | ശമ്പള നിരക്ക് | മാസ ശമ്പളം | നിലവിലെ വേതനം | അധിക ബാദ്ധ്യത |
|---|---|---|---|---|---|---|
| 1 | സിജി.ആർ.ദാസ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 19000-43600 | 24650 | 20860 | 3790 |
| 2 | മനു.വി | പ്രോജക്ട് സയന്റിസ്റ്റ് | 26500-56700 | 33650 | 29500 | 4150 |
| 3 | അനിൽ കുമാർ. വി | CAD/GIS ടെക്നീഷ്യൻ | 22200-48000 | 28490 | 19125 | 9365 |
| 4 | മനോജ് കുമാർ. ആർ.എസ് | GPS സർവെയർ | 19000-43600 | 24650 | 16500 | 8150 |
| 5 | സരള.ഡി | പാർട്ട് ടൈം സ്വീപ്പർ | 9340-14800 | 11308 | 6000 | 5308 |
| **ഒരു മാസത്തെ അധിക സാമ്പത്തിക ബാദ്ധ്യത** | | | | | | **30763** |
| **വാർഷിക അധിക സാമ്പത്തിക ബാദ്ധ്യത** | | | | | | **369156** |

15) ഇക്കാലയളവിൽ തന്നെ അംഗീകൃത തസ്തികകളിൽ തുടർന്നുവരുന്ന 5 താത്കാലിക ജീവനക്കാർ ഫയൽ ചെയ്ത WP(C)No.14219/19 കേസിൽ ബഹു.ഹൈക്കോടതി 12.08.2020 ൽ അന്തിമവിധി പുറപ്പെടുവിക്കുകയുണ്ടായി. വിധിന്യായം ലഭിച്ച് രണ്ട് മാസങ്ങൾക്കുള്ളിൽ പരാതിക്കാർ സർക്കാരിനു സമർപ്പിച്ചിരുന്ന Ext P 30 നിവേദനം പരിശോധിച്ച് ടിയാളുകളെ നേരിൽ കേട്ട് തീരുമാനമെടുക്കുന്നതിനാണ് ടി വിധിന്യായത്തിൽ കോടതി ഉത്തരവായിരുന്നത്. സമയപരിധി

07.11.2020 ന് അവസാനിച്ച സാഹചര്യത്തിൽ 2 മാസം കൂടി സമയപരിധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ ഫയൽ ചെയ്തിട്ടുണ്ട്. ദീർഘിപ്പിച്ച നൽകിയ സമയപരിധി 07.02.2021 ൽ അവസാനിക്കുന്നതാണ്.

16) ബഹു. കേരള ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പിലെ അണ്ടർ സെക്രട്ടറി 22.10.2020 ന് പരാതിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. കെ.എസ്.ആർ.ഇ.സി.യിൽ സ്ഥിരപ്പെടുത്തണമെന്ന പരാതിക്കാരുടെ ആവശ്യം മുൻപ് സർക്കാർ പരിശോധിച്ചപ്പോൾ ടിയാളുകളുടെ ആവശ്യം നിലവിലെ ചട്ടങ്ങളുടെയും ബഹു.സുപ്രീംകോടതി നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു കാരണവശാലും പരിഗണിക്കാൻ കഴിയില്ലെന്ന് ബോദ്ധ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിന് 26.08.2002 ലെ ജി.ഒ.(പി) നമ്പർ.39/2002/ഉഭപവ ഉത്തരവ് നിലനിൽക്കുന്നിടത്തോളം കാലം ഒരു അവകാശവും ഉണ്ടായിരിക്കുകയില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് 16.09.2015 ലെ സ.ഉ.(സാധാ) നം.407/2015/പ്ലാനിംഗ് ഉത്തരവ് പ്രകാരം മാനുഷിക പരിഗണന നൽകി KS&SSR റൂൾ 39 ന്റെ അടിസ്ഥാനത്തിൽ ടിയാളുകളെ ടി തസ്തികയിൽ തുടരാൻ അനുവദിച്ചിരുന്നത്. ഇപ്രകാരം തുടരാൻ അനുവദിച്ചതും ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലുമുള്ള നിയമനങ്ങൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് 16.09.2015 ലെ സ.ഉ.(സാധാ) 407/2015/പ്ലാനിംഗ് ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് 1605.2019 ലെ സ.ഉ.(കൈ) നം.20/2019/പ്ലാനിംഗ് പ്രകാരം ഉത്തരവായിരുന്നത്. മേൽ സാഹചര്യത്തിൽ പരാതിക്കാരായ താത്കാലിക ജീവനക്കാരുടെ ആവശ്യം ഉമാദേവി vs. കർണാടക കേസിലെ ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശത്തിനും നിലവിലുള്ള ചട്ടങ്ങൾക്കും എതിരായതിനാൽ അവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ കഴിയില്ലെന്ന നിഗമനത്തിൽ ഹിയറിംഗ് ഓഫീസർ എത്തിച്ചേർന്നതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരുടെ ആവശ്യം നിരസിക്കാമോ അതോ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ 10 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

1) കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ സൃഷ്ടിക്കപ്പെട്ട 6 തസ്തികകളിൽ കരാർ / ദിവസവേതനാടിസ്ഥാനത്തിൽ 31.12.2020 വരെ 10 വർഷത്തിലധികമായി തുടർന്നുവരുന്ന 6 താത്കാലിക ജീവനക്കാരെ / ദിവസവേതന ജീവനക്കാരെ അനുബന്ധം II – ൽ വിവരിച്ചിട്ടുള്ള പ്രകാരം സ്ഥിരപ്പെടുത്താമോ ?

2) കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിൽ 31.12.2020 വരെ 10 വർഷത്തിൽ അധികമായി കരാർ / ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നുവരുന്ന 5 താത്കാലിക ജീവനക്കാരെ അനുബന്ധം -III ൽ വിവരിച്ചിരിക്കുന്ന പ്രകാരം 5 തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്താമോ ?

## Annexure I

# Kerala State Remote Sensing & Environment Centre – Details of contract/daily wages employees

| Sl. No. | Name | Post | Whether sanctioned post or not | Date of joining service in the respective post | DOB & Age at the time of joining and nature of service | Basic Qualification for the post | Qualification at the time of joining service | | | Whether appointment order was given? | Whether continuous service or not | Service Break given or not? | Exact duration of service as on 31.12.2020 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | Whether Basic qualification attained at the time of joining | Date of Attainment of Basic Qualification | Additional Qualification if any | | | | |
| | **Sanctioned Posts** | | | | | | | | | | | | |
| 1 | Asha L. | Data Entry Operator | No | 07/12/2007 | 27.05.71 36 years Contract Basis | Degree in any subject DTP & Word Processing Experience * | Yes | 1992 | Computer Data Entry Operation | Yes | No | Yes | 1 year 6 months |
| | | Confidential Assistant | Yes | 26/08/2009 | 38 yrs – daily wages upto 31.08.17.<br><br>02.09.17 onwards contract basis | 1. Plus two pass | Yes | 1998 | Bsc. Zoology, Computer C Programming, MOP, Account Test (Higher), Typewriting English (Higher) | No (Appointment order issued on 02.09.2017) | No | Yes | 11years 4 months (29 days break from 24.08.2016 to 22.09.2016) |
| | | | | | | 2. Lower grade certificate in | Yes | 02/1994 | | | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | typewriting English and Computer Word Processing or its equivalent | No | | | | | | |
| | | | | | | 3. Lower grade certificate in typewriting Malayalam | No | 01/2011 | | | | | |
| | | | | | | 4. Lower grade certificate in Shorthand English | No | 01/2011 | | | | | |
| | | | | | | 4. Lower grade certificate in Shorthand Malayalam | No | 01/2011 | | | | | |
| 2 | Ramesh Kumar B | Office Attendant | Yes | 01.06.1998 (Kerala State Land Use Board) | 16/05/76 22yrs (category SC) | VII Standard passed | Yes | | SSLC Failed | Details not Available | | | 4 years 7 months |
| | | | | 03.02.2003 (KSREC) | 26 yrs Daily wages upto 31.08.2017. 02.09.2017 onwards Contract basis | | Yes | | SSLC Failed | No (Appointment order issued on 02.09.2017) | No | Yes | 17 years 2 months (29days break from 24.08.2016 to 22.09.2016) |
| 3 | Sanal Kumar D | Office Attendant | Yes | 22/03/05 | 26.05.1967 38 years (category -SC) Daily wages upto 31.08.2017. 02.09.2017 onwards contract basis | VII standard passed | Yes | | SSLC Failed | No (Appointment order issued on 02.09.2017) | No | Yes | 15 years 7 months (29 days break from 24.08.2016 to 22.09.2016) |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 | Thulaseedharan S | Driver cum Office Attendant | Yes | 01/12/03 | 14.01.1966<br>37 years<br>Daily wages upto 31.08.2017.<br><br>02.09.2017 onwards contract basis | VII standard passed , Motor Driving Licence, Medical Fitness | Yes | Driving Licence - 2001 | SSLC Passed | No (Appointment order issued on 02.09.2017) | No | Yes | 16 years 4 months (29 days break from 24.08.2016 to 22.09.2016) |
| 5 | Dileep Raj R | Driver cum Office Attendant | Yes | 12.07.2004 (Kerala State Land Use Board) | 22.04.1979<br>25 years<br><br>Daily wages | VII standard passed , Motor Driving Licence, Medical Fitness | Yes | Driving Licence - 2001 | SSLC Failed | Details not available | | | 5 years 1 month |
| | | | | 26.08.2009 (KSREC) | 30 years<br>Daily wages upto 31.08.2017.<br><br>02.09.2017 onwards contract basis | VII standard passed , Motor Driving Licence, Medical Fitness | Yes | Driving Licence - 2000 | SSLC Passed | No (Appointment order issued on 02.09.2017) | No | Yes | 11 years 4 months (29 days break from 24.08.2016 to 22.09.2016) |

| Sl. No. | Name | Post | Whether sanctioned post or not | Date of joining service in the respective post | DOB & Age at the time of joining and nature of service | Basic Qualification for the post | Qualification at the time of joining service | | | Whether appointment order was given? | Whether continuous service or not | Service Break given or not? | Exact duration of service as on 31.12.2020 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | Whether Basic qualification attained at the time of joining | Date of Attainment of Basic Qualification | Additional Qualification if any | | | | |
| | **Non Sanctioned Posts** | | | | | | | | | | | | |
| 1 | Binu G.K. | Data Entry Operator | No | 01/11/2004 | 16.04.1973<br>31 years Contract Basis | Selected as per newspaper advertisement. Qualification not specified. | | | | Yes | No | Yes | 1 year 11 months |
| | | Office Assistant | No | 03/11/2006 | 33 yrs – Contract basis | Degree in any subject | Yes | 1994 | M.Com,<br>PGDCA, Tally , Typewriting English (Lower) | Yes | No | Yes | 14years 1 month (Break given after every contract period and 26 days break from 24.08.2016 to 19.09.2016) |
| 2 | Siji R.Das | Data Entry Operator | No | 24.11.1998 (Kerala State Land Use Board) | 03.04.1974 24 years. Daily wages upto 30.05.2003. | | | | | Details not available | | | 5 years (with break) |
| | | Data Entry Operator | No | 01.06.2003 (KSREC) | 30 years | Selected as per | | | Pre Degree Typewritin | Yes | No | Yes | 17 years 3 months |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | upto 31.10.2004 Daily wages<br><br>01.11.2004 onwards contract basis | newspaper advertisement. Qualification not specified. | | | g English (Lower and Higher), Computer word processing, Data Entry & Console Operation) | | | | (Break given after every contract period and 26 years break from 24.08.2016 to 19.09.2016) |
| 3 | Sarala D. | Casual Sweeper | No | 01/05/07 | 31.05.1964, 43 years, Casual sweeper | | | | SSLC Failed | No | No | Yes | 13 Years 6 months |
| 4 | Manu V. | CAD/GIS Technician | No | 04/01/06 | 31.05 1976<br>30 years upto 11.10.2007 contract basis | PDC/Degree, Work experience in GIS and Auto CAD Or PGDCA and work experience ** | Yes | 1998 | B.Sc Maths | Yes | No | Yes | 1 Year 9 months |
| | | Project Scientist | No | 03/11/10 | 34 years Contract basis upto 31.03.2019<br><br>28.05.2019 onwards Daily wages | M.Sc | Yes | 2010 | | Yes | No | Yes | 8 Years 9 months |
| 5 | Anil Kumar B | Documentation Assistant / CAD/GIS Technician | No | 04/01/06 | 20.05.1966 40 years Contract basis upto 31.03.2019<br><br>28.05.2019 onwards Daily wages | PDC/Degree, Work experience in GIS and Auto CAD Or PGDCA and work experience ** | Yes | 1989 | DCA | Yes | No | Yes | 12 Years 7 months |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 | Manoj Kumar R.S. | Field Assistant / GPS Surveyor | No | 05/01/06 | 01.05.1977 29 years<br><br>Contract basis upto 31.03.2019<br><br>28.05.2019 onwards Daily wages. | THSLC, Field work experience ** | Yes | 2007 | Auto CAD | Yes | No | Yes | 12 Years 6 months |
| 7 | Unnikrishnan R.S. | Field Assistant / GPS Surveyor | No | 01.04.2004 (Kerala State Land Use Board) | 28.05.74 30 years<br><br>Up to 11.08.2005 Contract basis | | | | | Details not available | | | 1 year 8 months |
| | | | | 04.01.2006 (KSREC) | 32 years Contract basis upto 31.03.19<br><br>28.05.19 onwards Daily wages | SSLC , Field work experience ** | Yes | 1992 | Auto CAD | Yes | No | Yes | 8 years 6 months (break from 11.08.2005 to 03.01.2006, 01.04.2007 to 18.07.2011)` |
| 8 | Chandrabose C.K. | Field Assistant / GPS Surveyor | No | 04.01.2006 | 20.04.67 39 years (SC category) Contract basis upto 31.03.19 28.05.19 onwards Daily wages | SSLC , Field work experience ** | Yes | 2007 | Auto CAD | Yes | No | Yes | 8 years 9 months (break from 01.01.2008 to 31.10.2008, 01.12.2009 to 30.11.2011, 01.05.2012 to 15.05.2013) |
| 9 | Maya Y.V. | CAD/GIS Technician | No | 30.04.2008 | 30.05.1985 23 years<br><br>Contract | PDC / Degree, Work experience | Yes | 2007 | B.A.English Diploma in | Yes | No | Yes | 10 Years (including absence on medical |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | basis / Daily wages | in GIS and Auto CAD Or PGDCA and work experience | | | Secretarial Practice | | | | ground for 6 months from 01.08.2013 to 01.02.2014) |
| 10 | Ambily.O | Field Assistant / GPS Surveyor | No | 01.10.2005 (as **Volunteer** in Rain Water Harvesting Project , KSREC) | **26.05.1981** 19 years. Upto 31.08.2006 | | | | | | | | 11 months |
| | | | | 15.10.2007 (KSREC) | 21 years Contract basis / Daily wages | SSLC, Field work experience | Yes | 1996 | B.A Economics, Auto CAD | Yes | No | Yes | 9 years 3 months 15 days |

*The basic qualification included is, as per the newspaper advertisement dated 16.11.2007.
** The basic qualification included is, as per the newspaper advertisement dated 29.07.2005.

അനുബന്ധം - II

| ക്രമ നം | പേര് | അംഗീകൃത തസ്തിക | ശമ്പള നിരക്ക് |
|---|---|---|---|
| 1 | ബിനു. ജി.കെ | ഓഫീസ് അസിസ്റ്റന്റ് | 25200-54000 |
| 2 | ആശ എൽ. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 20000-45800 |
| 3 | തുളസീധരൻ.എസ് | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 17500-39500 |
| 4 | ദിലീപ് രാജ്.ആർ | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 17500-39500 |
| 5 | രമേഷ് കുമാർ.ബി | ഓഫീസ് അറ്റൻഡന്റ് | 16500-35700 |
| 6 | സനൽ കുമാർ.ഡി | ഓഫീസ് അറ്റൻഡന്റ് | 16500-35700 |

- മേൽ നിയമനങ്ങൾക്ക് വരുംകാല പ്രാബല്യമേ ഉണ്ടായിരിക്കുകയുള്ളൂ.
- ഈ നിയമനത്തിന് എല്ലാവർക്കും ആരംഭദിശയിലെ ശമ്പളസ്കെയിലുകൾ മാത്രമേ നൽകുകയുള്ളൂ.
- ഓരോ വിഭാഗത്തിലും ഏറ്റവും പ്രായം കൂടിയ ആളെയായിരിക്കും സീനിയറായി കണക്കാക്കുക.

അനുബന്ധം - III

| ക്രമ നം | പേര് | പുതുതായി സൃഷ്ടിക്കേണ്ട തസ്തിക | ശമ്പള നിരക്ക് |
|---|---|---|---|
| 1 | സിജി.ആർ.ദാസ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 19000-43600 |
| 2 | മനു വി. | പ്രോജക്ട് സയന്റിസ്റ്റ് | 26500-56700 |
| 3 | അനിൽ കുമാർ. വി | CAD/GIS ടെക്നീഷ്യൻ | 22200-48000 |
| 4 | മനോജ് കുമാർ. ആർ.എസ് | GPS സർവെയർ | 19000-43600 |
| 5 | സരള.ഡി | പാർട്ട് ടൈം സ്വീപ്പർ | 9340-14800 |

- മേൽ നിയമനങ്ങൾക്ക് വരുംകാല പ്രാബല്യമേ ഉണ്ടായിരിക്കുകയുള്ളൂ.
- ഈ നിയമനത്തിന് എല്ലാവർക്കും ആരംഭദിശയിലെ ശമ്പളസ്കെയിലുകൾ മാത്രമേ നൽകുകയുള്ളൂ.
- ഓരോ വിഭാഗത്തിലും ഏറ്റവും പ്രായം കൂടിയ ആളെയായിരിക്കും സീനിയറായി കണക്കാക്കുക.